അന്തരിച്ചു

മാലിങ്കു

ബേഡഡുക്ക: മുന്നാട് അടുക്കത്തിൽ മുല്ലച്ചേരി മാലിങ്കു (58) അന്തരിച്ചു. ഭാര്യ: കളിങ്ങോൻ രുഗ്മിണി. മക്കൾ: കെ മിഥുൻ(സെക്രട്ടറി, കള്ളാർ ഫാർമേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി), കെ വിപിൻ, കെ നിതിൻ. സഹോദരങ്ങൾ:എം ഗോപാലകൃഷ്ണൻ(മുന്നാട്), എം തമ്പാൻ(കുണ്ടൂച്ചി), എം സുലോചന (മുന്നാട്), എം മൂകാംബിക (പെരിയ), എം ബാലാമണി(ആലുവ).

അമ്പാടി കാരണവർ

കാഞ്ഞങ്ങാട്: മാണിക്കോത്ത് പുന്നക്കാൽ ഭഗവതി ക്ഷേത്ര ആചാര സ്ഥാനികൻ കൊളവയലിലെ മുട്ടത്ത് അമ്പാടി കാരണവർ(92) അന്തരിച്ചു. ഭാര്യ: പരേതയായ കുഞ്ഞമ്മ. മക്കൾ: കൃഷ്ണൻ വെളിച്ചപ്പാടൻ(കാടങ്കോട് നെല്ലിക്കൽ ഭഗവതി ക്ഷേത്രം), കുമാരൻ(പിലിക്കോട്), ശ്യാമള, ദാമോദരൻ(കാടങ്കോട്), ശശി(കുവൈത്ത്), പരേതനായ ചന്ദ്രൻ.മരുമക്കൾ: ചന്ദ്രാവതി, അനിത, സിന്ധു, നിഷ(അന്നൂർ), പരേതരായ ശ്രീധരൻ,സിന്ധു.

ബാബു ചെട്ടിയാർ

ഉപ്പള പ്രതാപ് നഗറിലെ നാട്ടു വൈദ്യൻ ബാബു ചെട്ടിയാർ (86) അന്തരിച്ചു. ഭാര്യ: ശാരദ. മക്കൾ: ശീലാവതി, ദയാനന്ദ, മരുമക്കൾ: കുശാലാക്ഷി, പ്രഭാകര.സഹോദരി: ജാനകി.

പ്രസവത്തിനിടയിൽ നവജാത ശിശു മരിച്ചു

കാഞ്ഞങ്ങാട്: പ്രസവത്തിനിടയിൽ നവജാത ശിശു മരിച്ചു. ഹൊസ്ദുർഗ്ഗ് കടപ്പുറത്തെ ചൈത്രയുടെ കുട്ടിയാണ് മരിച്ചത്. കാഞ്ഞങ്ങാട്ടെ സ്വകാര്യ ആശുപത്രിയിലായിരുന്നു പ്രസവം. സംഭവത്തിൽ ഹൊസ്ദുർഗ്ഗ് പൊലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു.

മാതാവിനെ മർദ്ദിച്ച മകനെതിരെ കേസ്

കാഞ്ഞങ്ങാട്: ചെറുവത്തൂർ, അച്ചാംതുരുത്തിയിലെ ടി സി സിന്ധു (47)വിനെ മർദ്ദിച്ചുവെന്ന പരാതിയിൽ മകൻ അക്ഷയ് (27), ഇയാളുടെ സുഹൃത്ത് ശശിധരൻ എന്നിവർക്കെതിരെ ചന്തേര പൊലീസ് കേസെടുത്തു.ഈ മാസം 15ന് ആണ് കേസിനാസ്പദമായ സംഭവം. ഉച്ചയ്ക്ക് കൂട്ടുകാരനായ ശശിധരനൊപ്പം വീട്ടിലെത്തിയ അക്ഷയ് മാതാവിനോട് പണം ആവശ്യപ്പെടുകയും നൽകാത്തപ്പോൾ മുടിയിൽ കുത്തിപ്പിടിച്ച് മർദ്ദിച്ചുവെന്നു പരാതിയിൽ പറയുന്നു.

അയ്യപ്പഭക്തർ ചന്ദ്രഗിരി ശാസ്താ ക്ഷേത്രത്തിൽ പ്രത്യേക പ്രാർത്ഥന നടത്തി

പാലക്കുന്ന്: ശബരിമലയിൽ പരമ്പരാഗത ആചാരചടങ്ങായ നെയ്യഭിഷേകവും തീർത്ഥാടനത്തിന്റെ ഭാഗമായ പമ്പാസ്നാനവും സാധ്യമല്ലാത്ത സാഹചര്യത്തിൽ ശബരിമല ദർശനയാത്ര ഉചിതമല്ലെന്നതിനാൽ കീഴൂർ ചന്ദ്രഗിരി ശാസ്താ ക്ഷേത്രത്തിൽ അയ്യപ്പ ഭക്തർ വിശേഷാൽ കൂട്ട പ്രാർത്ഥന നടത്തി. കോവിഡ് മഹാമാരിയിൽ നിന്ന് മുക്തി നേടാനും ശബരിമലയിൽ

ദർശനവും അനുബന്ധ ചടങ്ങുകളും യാഥാർഥ്യമാക്കാനും പ്രാർത്ഥിച്ചു. തൃക്കണ്ണാട്, കീഴൂർ ധർമ്മശാസ്താ സേവാ സംഘം പ്രസിഡന്റ് പ്രഭാകരഗുരുസ്വാമി തലക്ലായി, ജനറൽ സെക്രട്ടറി ഗംഗാധരൻ പള്ളം, ആനന്ദ നെല്ലിയടുക്കം, സുനിൽ കുമാർ ഉദുമ, ഗുരുസ്വാമികളായ ജ്യോതി കുഞ്ഞിരാമൻ, കുഞ്ഞിരാമൻ അച്ചേരി, കുഞ്ഞിരാമൻ പെരിയാട്ടടുക്കം എന്നിവർ നേതൃത്വം നൽകി.

ബദിയഡുക്കയിൽ സഹോദരിമാരും മത്സരരംഗത്ത്

പുഷ്പാ ഭാസ്ക്കരൻ

ജയശ്രീ

ബദിയഡുക്ക: ബദിയഡുക്ക പഞ്ചായത്തിൽ സഹോദരിമാർ ബി ജെ പിക്കും കോൺഗ്രസിനും വേണ്ടി പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നു. സഹോദരിമാരായതു കൊണ്ടു നേരിട്ടു മത്സരിക്കുന്നില്ലെന്നേയുള്ളൂ. മഹിളാ മോർച്ച പഞ്ചായത്ത് വൈസ് പ്രസിഡന്റ് പുഷ്പഭാസ്ക്കരൻ ഏഴാം വാർഡായ കടുപ്പം കുഴിയിൽ വീണ്ടും ജനവിധി തേടുമ്പോൾ മഹിള കോൺഗ്രസ് നേതാവായ സഹോദരി ജയശ്രീ ഇത്തവണ രണ്ടാം വാർഡായ നീർച്ചാലിൽ ബി ജെ പിക്കെതിരെ മത്സരിക്കുന്നു ബി ജെ പിയുടെ കൈയിലുള്ള വാർഡാണിത്. കഴിഞ്ഞ തവണ ജയശ്രീ ഗോളിയഡുക്ക വാർഡിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ചു ജയിച്ചിരുന്നു. സഹോദരി പുഷ്പ ലീഗ് കോട്ടയായ കടുപ്പം കുഴിയിൽ വിജയിച്ചു ബി ജെ പി പതാക പാറിച്ചു. മുളിയാർ സ്വദേശിനികളാണ് ഇവർ. വിവാഹ ശേഷം ബദിയഡുക്കയിൽ എത്തിയ പുഷ്പ പള്ളത്തടുക്കക്കടുക്കത്തെ ബെള്ളംബെട്ടുവിലും ജയശ്രീ കന്യപ്പാടിയിലും കുടുംബവുമൊത്തു ജീവിക്കുന്നു.

കാഞ്ഞങ്ങാട്ട് മുൻ ലോക്കൽ സെക്രട്ടറിയുടെ ഭാര്യ സി പി എം റിബൽ സ്ഥാനാർത്ഥി

കാഞ്ഞങ്ങാട്: സി പി എമ്മിന്റെ കാഞ്ഞങ്ങാട് നഗരസഭാ ചെയർപേഴ്സൺ സ്ഥാനാർത്ഥി കെ വി സുജാതയ്ക്കെതിരെ മുൻ ലോക്കൽ കമ്മിറ്റി അംഗം പി ലീല നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. മുൻ നഗരസഭാ കൗൺസിലർ കൂടിയാണ് ലീല. 2010 ലെ തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ ലീല എതിരില്ലാതെയാണ് തെരഞ്ഞെടുക്കപ്പെട്ടിരുന്നത്.എസ് എഫ് ഐയിലൂടെ സംഘടനാ രംഗത്തെത്തിയ ലീല പിന്നീട് ഡി വൈ എഫ് ഐയിലെത്തി. 18 വർഷക്കാലം ബല്ല ലോക്കൽ കമ്മിറ്റി അംഗം കൂടിയായിരുന്നു. ഭർത്താവ് രാജൻ ഇതേ ലോക്കൽ കമ്മിറ്റിയിൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

പിന്നീട് പാർട്ടി നേതൃത്വത്തിന്റെ നിലപാടുകളിൽ പ്രതിഷേധിച്ച് പാർട്ടിയുമായി അകലുകയായിരുന്നുവെന്നു പറയുന്നു.

അതിയാമ്പൂർ വാർഡിൽ സ്ഥാനാർത്ഥി നിർണ്ണയത്തെ ചൊല്ലി തുടക്കം മുതൽക്കേ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. കഴിഞ്ഞ തവണ ചെയർമാനായിരുന്ന വി വി രമേശൻ പ്രതിനിധീകരിച്ചിരുന്ന വാർഡിൽ ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവ് വി വി പ്രസന്ന കുമാരിയുടെ പേരും ഉയർന്നിരുന്നു. പല പേരുകൾ ഉയർന്നതിനാൽ കീഴ്ഘടകങ്ങളിൽ സ്ഥാനാർത്ഥി നിർണ്ണയം നടത്താനാകാതെ വന്നതോടെ മേൽ കമ്മിറ്റി ഇടപെട്ടാണ് അധ്യാപികയായ കെ വി സുജാതയെ അതിയാമ്പൂർ വാർഡിൽ സ്ഥാനാർത്ഥിയാക്കിയത്. സി പി എമ്മിനു പുറമെ കാഞ്ഞങ്ങാട് നഗരസഭയിൽ മുസ്ലീംലീഗിനകത്തും റിബൽ ഭീഷണി ഉയർന്നിട്ടുണ്ട്. നാമനിർദ്ദേശ പത്രികാ സമർപ്പണം പൂർത്തിയായ ശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാവുകയുള്ളൂ.

ജില്ലാ പഞ്ചായത്ത് ചിറ്റാരിക്കാൽ ഡിവിഷനിൽ യു ഡി എഫ് സ്ഥാനാർത്ഥി ജോമോൻ ജോസ് നാമനിർദ്ദേശ പത്രിക നൽകുന്നു

ജില്ലാ പഞ്ചായത്ത് എടനീർ ഡിവിഷനിൽ എൽ ഡി എഫ് സ്ഥാനാർത്ഥി സി ജാനു നാമനിർദ്ദേശ പത്രിക നൽകുന്നു

ജില്ലാപഞ്ചായത്ത് ബേഡകം ഡിവിഷനിൽ മത്സരിക്കുന്ന എസ് എൻ സരിത നാമനിർദ്ദേശ പത്രിക നൽകുന്നു

മാഹിൻ കേളോട്ടിനു സീറ്റില്ല; അണികൾ അസംതൃപ്തിയിൽ

ബദിയഡുക്ക:ബദിയഡുക്കയിൽ മുസ്ലീം ലീഗിന്റെ കിങ്മേക്കറെ പാർട്ടി നേതൃത്വം മൂലക്കിരുത്തി. പ്രസിഡന്റ് സ്ഥാനം പട്ടികജാതി വനിതക്കു സംവരണം ചെയ്തിട്ടുള്ള പഞ്ചായത്തിൽ ഭരണചക്രം തിരിക്കാൻ മാഹിൻ കേളോട്ടിനെ സ്ഥാനാർത്ഥിയാക്കണമെന്ന് അനുയായികൾ ജില്ലാ നേതൃത്വത്തോടാവശ്യപ്പെട്ടെങ്കിലും പാർട്ടി നിലപാട് ഒരാൾക്കു വേണ്ടി മാറ്റാനാവില്ലെന്നു നേതൃത്വം ആവർത്തിച്ചു. 2025 ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിനു മുമ്പു വാർഡ് വിഭജനമുണ്ടാവുമെന്നും അപ്പോൾ പഞ്ചായത്തു ഭരണത്തിൽ മാഹിൻ ഇല്ലെങ്കിൽ പാർട്ടിക്കതു ദോഷമാവുമെന്നുമുള്ള അടുത്ത തന്ത്രവും നേതൃത്വം തള്ളിക്കളഞ്ഞു. അപ്പോഴുള്ള പാർട്ടി നേതൃത്വം അതു കൈകാര്യം ചെയ്യുമെന്നും അതിനെക്കുറിച്ച് ആരും വേവലാതിപ്പെടേണ്ടെന്നും ജില്ലാ നേതൃത്വം അറിയിക്കുകയായിരുന്നുവത്രേ.കഴിഞ്ഞ ത്രിതലപഞ്ചായത്തുവരെ പഞ്ചായത്തിലും പഞ്ചായത്ത് ഭരണത്തിലും സ്വാധീനശക്തിയായിരുന്ന മാഹിൻ കേളോട്ടു പ്രവർത്തനമേഖല ജില്ലാതലത്തിൽ വ്യാപിപ്പിക്കുന്നിനു മുന്നോടിയായി ജില്ലാ പഞ്ചായത്ത് എടനീർ വാർഡിൽ മത്സരിച്ചു തോറ്റതോടെയാണ് മാഹിന്റെ രാഷ്ട്രീയ രംഗത്തെ പരാജയത്തിനു തുടക്കമിട്ടതെന്നു അനുയായികൾ പറഞ്ഞു. അതുവരെ പൂച്ചക്കുട്ടികളെപ്പോലെ മാഹിൻ കേളോട്ടിനു പിന്നിൽ നിന്നിരുന്നവർ പിന്നെ പുലിക്കുട്ടികളായി മാറുകയായിരുന്നുവത്രേ.തുടർച്ചയായി മൂന്നുതവണ പഞ്ചായത്ത് അംഗമായവരെ മത്സരരംഗത്തു നിന്ന് ഒഴിവാക്കാനുള്ള ലീഗ് സംസ്ഥാന നേതൃത്വത്തിന്റെ തീരുമാനമാണ് മാഹിനും അതുപോലെ മറ്റു പല നേതാക്കന്മാർക്കും വിനയായതെന്നു പറയുന്നു.

തൃക്കരിപ്പൂരിൽ സി പി ഐയെ മൂലക്കിരുത്തി; പ്രതിഷേധം

തൃക്കരിപ്പൂർ: തൃക്കരിപ്പൂരിൽ ഇടതു മുന്നണിയിലെ പ്രധാന ഘടകകക്ഷിയായ സി പി ഐ ഇടഞ്ഞു. ഇന്നലെ നടന്ന ഇടതു മുന്നണി തിരഞ്ഞെടുപ്പു കൺവെൻഷൻ സി പി ഐ ബഹിഷ്ക്കരിച്ചു. തൃക്കരിപ്പൂർ പഞ്ചായത്തിലെ 21 വാർഡുകളിൽ സി പി ഐക്കു പഞ്ചായത്തു തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ വല്യേട്ടൻ പണ്ടു മുതലേ തോൽവി ഉറപ്പുള്ള ഏഴാം വാർഡ് നൽകാറുണ്ടായിരുന്നു. ഇത്തവണ അതു എൽ ജെ ഡിക്കു കൊടുത്തു. അക്കാര്യം ഒന്നു അറിയിക്കാൻ പോലും സിപി എം നേതൃത്വം സന്മനസു കാട്ടിയില്ലെന്നു സി പി ഐ പരിതപിച്ചു. ഈ സാഹചര്യത്തിലാണ് തിരഞ്ഞെടുപ്പു കൺവെൻഷൻ ബഹിഷ്ക്കരിച്ചതെന്നു പറയുന്നു. കൺവെൻഷൻ ഇടതു ജില്ലാ കൺവീനർ കെ പി സതീഷ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

മംഗൽപ്പാടിയിൽ ലീഗ് നൽകിയ അഞ്ചു സീറ്റിൽ രണ്ടെണ്ണം കോൺഗ്രസ് തിരിച്ചേൽപ്പിച്ചു

ഉപ്പള: മംഗൽപ്പാടി പഞ്ചായത്തിൽ മുസ്ലീംലീഗിനു തോൽവി ഉറപ്പുള്ള അഞ്ചുവാർഡുകൾ അവർ സഖ്യകക്ഷിയായ കോൺഗ്രസിനു വിട്ടുകൊടുത്തു. എന്നാൽ എല്ലായിടത്തും കൂടി തോൽക്കാൻ തങ്ങൾക്കു മനസ്സില്ലെന്നും അതുകൊണ്ട് അഞ്ചിൽ രണ്ടെണ്ണം തിരിച്ചെടുത്തോളാനും കോൺഗ്രസ് പഞ്ചായത്തു കമ്മറ്റി ഭാരവാഹികൾ ലീഗ് നേതൃത്വത്തോടാവശ്യപ്പെട്ടു.മംഗൽപ്പാടിയിൽ കോൺഗ്രസ് കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ അഞ്ചു വാർഡിൽ മത്സരിച്ചിരുന്നു. ബി ജെ പിക്കും സി പി എമ്മിനും സ്വാധീനമുള്ള ആ വാർഡുകളിൽ ദയനീയ പരാജയം ഏറ്റുവാങ്ങുകയുമായിരുന്നു. പഞ്ചായത്തിൽ സി പി എമ്മിന് ശക്തമായ സ്വാധീനമുള്ള ബേക്കൂർ, ബി ജെ പിക്കു അതിശക്തമായ സാന്നിധ്യമുള്ള മള്ളങ്കൈ, പ്രതാപ് നഗർ, ലീഗിനു സ്വാധീനമുള്ള നയാബസാർ, ഇച്ചിലങ്കോട് എന്നീ വാർഡുകളാണ് ഇത്തവണ ലീഗ് കോൺഗ്രസിനു വീതം വച്ചു നൽകിയത്.

ഇതിൽ ബേക്കൂറും മള്ളങ്കൈയും സന്തോഷപൂർവം അവർ മുസ്ലീം ലീഗിനെ തിരിച്ചേൽപ്പിച്ചു.പ്രതാപ് നഗർ വാർഡിൽ മുമ്പൊരു തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയെ പോലും നിറുത്താതെ പിൻമാറിയിരുന്നു. ആ തിരഞ്ഞെടുപ്പിൽ ബി ജെ പി അവിടെ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇതു കോൺഗ്രസിനു വലിയ അപമാനമുണ്ടാക്കിയതു കൊണ്ടു പിന്നീടുള്ള തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസിവിടെ മത്സരിച്ചു തോക്കുന്നു.

വിജയ സാധ്യതയുള്ള ഇച്ചിലങ്കോട് വാർഡിൽ തിരഞ്ഞെടുപ്പു പ്രഖ്യാപനം വരെ ലീഗിലായിരുന്ന ആ പാർട്ടിയുടെ ഒരു വനിതാ പ്രവർത്തക കോണിയെടുത്തു ചാടി, കൈ ഉയർത്തി. അതുകൊണ്ട് അവരെ അവിടെ സ്ഥാനാർത്ഥിയാക്കുകയും ചെയ്തു. ജയിച്ചു കഴിയുമ്പോൾ അവർ ലീഗിലേക്കു മടങ്ങിയാലും അതിശയിക്കാനൊന്നുമില്ലെന്നു കോൺഗ്രസ് നേതാക്കന്മാർ പറയുന്നു. നയാബസാർ പട്ടിക വിഭാഗം സംവരണമായതു കൊണ്ടാണ് അതു കോൺഗ്രസിനു നൽകാൻ ലീഗ് തയ്യാറായതെന്നു പറയുന്നു. കോൺഗ്രസ് അവിടെ സ്ഥാനാർത്ഥിയെ നിറുത്തിയിട്ടുണ്ട്. യുഡി എഫിനു വേണമെങ്കിൽ സ്ഥാനാർത്ഥിയെ വിജയിപ്പിക്കാം. വേണ്ടെങ്കിൽ തോൽപ്പിക്കാം. യു ഡി എഫ് എന്നു പറയുന്നതു ലീഗും കൂടി ചേർന്നതാണെന്നു കോൺഗ്രസ് മണ്ഡലം നേതാക്കൾ ചൂണ്ടിക്കാട്ടുന്നു.

കാസർകോട്ട് ലീഗ് സ്ഥാനാർത്ഥികൾക്കു കെട്ടിവയ്ക്കാനുള്ള തുക നൽകാൻ തീരുമാനിച്ച കെ എം സി സി ദുബൈ- കാസർകോട് കമ്മിറ്റി യോഗം

നഗരസഭയിൽ മുസ്ലിം ലീഗ് സ്ഥാനാർത്ഥികൾക്ക് കെട്ടിവെക്കാനുള്ള തുക ദുബായ് കെഎംസിസി നൽകുന്നു

ദുബായ്: നഗരസഭയിൽ നിന്ന് മത്സരിക്കുന്ന മുസ്ലിം ലീഗ് സ്ഥാനാർത്ഥികൾക്കു കെട്ടിവെക്കാനുള്ള തുക ദുബായ് കെഎംസിസി കാസർകോട് മുൻസിപ്പൽ കമ്മിറ്റി നൽകും.

കഴിഞ്ഞ 5 വർഷം നഗരസഭയിൽ നടന്ന വികസന പ്രവർത്തനങ്ങൾ ഈ തിരഞ്ഞെടുപ്പിൽ മുസ്ലിം ലീഗ് സ്ഥാനാർത്ഥികൾക്ക് മുതൽക്കൂട്ടാവുമെന്ന് യോഗം അഭിപ്രായപ്പെട്ടു. ഹാരിസ് ആധ്യക്ഷം വഹിച്ചു. ഹസ്ക്കർ ചൂരി, തല്ഹത്ത് തളങ്കര, സിനാൻ, കാമിൽ, ശരീഫ്, ഹനീഫ്, ഫിറോസ്, സലിം, റൗഫ്, സജീദ് ഒ.എ, സർഫ്രാസ് റഹ്മാൻ, ആഷിക് പള്ളം പ്രസംഗിച്ചു.

അജാനൂർ മുസ്ലീംലീഗ് സ്ഥാനാർഥികൾ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു

കാഞ്ഞങ്ങാട്: അജാനൂർ പഞ്ചായത്ത് മുസ്ലീംലീഗ് സ്ഥാനാർഥികൾ നാമ നിർദ്ദേശ പത്രിക സമർപ്പിച്ചു. അജാനൂർ പഞ്ചായത്ത് മുസ്ലീംലീഗ് സ്ഥാനാർഥികളായ കുഞ്ഞാമിന സി വാർഡ് 4, ശക്കീല ബദറുദ്ധീൻ 5, ഷീബ ഉമ്മർ 14, സി.പി അബ്ദുൽ റഹ്മാൻ 15, സി.എച്ച് ഹംസ16, ഇബ്രാഹിം ആവിക്കൽ 18, മറിയക്കുഞ്ഞി കൊളവയൽ 20, ഹാജറ സലാം 22, സി.കെ ആസിഫ് 23, സി.കെ ഇർഷാദ് വാർഡ് 21 എന്നിവരാണ് പത്രിക സമർപ്പിച്ചത്.

ചെമ്മനാട് ഗ്രാമപഞ്ചായത്ത് 22-ാം വാർഡ് ബി ജെ പി സ്ഥാനാർത്ഥി സുചിത്ര ഹരീഷിന് കെട്ടിവെക്കാനുള്ള തുക കുന്നുമ്മൽ തൊഴിലുറപ്പ് പ്രവർത്തകർ നൽകുന്നു

വി.വി രമേശന്റെ തെരഞ്ഞെടുപ്പ് പ്രചരണത്തിന് തുടക്കമായി കെട്ടിവെക്കാനുള്ള തുക കൊവ്വൽപ്പള്ളിയിലെ പ്രവർത്തകർ നൽകി

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് നഗരസഭയിലെ 17ാം വാർഡിൽ മത്സരിക്കുന്ന എൽ.ഡി.എഫ് സ്ഥാനാർത്ഥി വി.വി രമേശന്റെ തെരഞ്ഞെടുപ്പ് പ്രചരണം ആരംഭിച്ചു. കെട്ടിവെക്കാനുള്ള തുക കൊവ്വൽപ്പളിയിലെ പ്രവർത്തകർ രമേശനു നൽകി. ജ്യോതിഷ്, സന്തോഷ് എന്നിവർ തുക കൈമാറി. ലോക്കൽ സെക്രട്ടറി എം.ജയപാലൻ, കെ.പി നാരായണൻ, കെ.വി ഉഷ, അനീഷ്, സബീൻ, രാജേഷ്, അനീഷ്, നിഷാന്ത് പ്രസംഗിച്ചു.

പുത്തിഗെ മുഹിമ്മാത്തുൽ മുസ്ലിമീൻ എജുക്കേഷൻ സെന്റർ ജനറൽ ആശുപത്രിയിലേക്ക് നൽകുന്ന ഒന്നര ലക്ഷം രൂപ വിലമതിക്കുന്ന കോവിഡ് പ്രതിരോധ മെഡിക്കൽ ഉപകരണങ്ങൾ ജനറൽ സെക്രട്ടറി ബി എസ് അബ്ദുള്ള കുഞ്ഞി ഫൈസി ജനറൽ ആശുപത്രി സൂപ്ര് ഡോ:രാജാറാമിന് കൈമാറുന്നു

കോവിഡ് പ്രതിരോധങ്ങൾക്ക് കൈത്താങ്: ജന. ആശുപത്രിക്ക് മുഹിമ്മാത്ത് സഹായം

കാസർകോട്: ജനറൽ ആശുപത്രിയിലെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതിനു പുത്തിഗെ മുഹിമ്മാത്ത് മെഡിക്കൽ ഉപകരണങ്ങൾ വീണ്ടും സംഭാവന ചെയ്തു. ആശുപത്രിയിലേക്ക് നിലവിൽ അത്യാവശ്യമുള്ള തെർമൽ സ്കാനർ, ഡിജിറ്റൽ തെർമോ മീറ്റർ, പൾസ് ഓക്സി മീറ്റർ, ഓക്സിജൻ മാസ്ക്ക്, ഓക്സിജൻ ഫ്ലോമീറ്റർ, സ്റ്ററിലൈസർ മീഡിയം, ഫൂട്ട് ഓപറേഷൻ ഡിസ്പെൻസർ, ഫൂട്ട് ഓപറേറ്റഡ് ബാസ്ക്കറ്റ് തുടങ്ങി ഒന്നരക്ഷത്തോളം രൂപ വിലമതിക്കുന്ന ഉപകരണങ്ങളാണ് മുഹിമ്മാത്ത് കാരുണ്യ പദ്ധതിയിലൂടെ കൈ മാറിയത്.

മുൻ വർഷങ്ങളിൽ ആശുപത്രി വാർഡ് നവീകരണം, ഹീറ്റർ കുടിവെള്ള പദ്ധതി, മോർച്ചറിക്ക് മുമ്പിൽ വെയിറ്റിംഗ് ഷെൽട്ടർ തുടങ്ങിയ നിരവധി സാന്ത്വന പ്രവർത്തനങ്ങൾ ഈ ആശുപത്രിയിലേക്ക മുഹിമ്മാത്ത് ചെയ്ത് കൊടുത്തിട്ടുണ്ട്. നബിദിന ഭാഗമായി ആശുപത്രിയിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഫ്രൂട്ട്സ് വിതരണം വർഷങ്ങളായി നടക്കുന്നു.

മുഹിമ്മാത്ത് ജനറൽ സെക്രട്ടറി ബി. എസ്. അബ്ദുല്ലകുഞ്ഞി ഫൈസി ഉപകരണങ്ങൾ കൈമാറി. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ:രാജാ റാം ഏറ്റുവാങ്ങി.നോഡൽ ഓഫീസർ ഡോ:കുഞ്ഞി രാമൻ നഴ്സിംഗ് സൂപ്രണ്ട് സ്നിഷി,സ്റ്റോർ സൂപ്രണ്ട് അജിത്ത് കുമാർ, മുഹിമ്മാത്ത് ഫിനാൻസ് സെക്രട്ടറി ഹാജി അമീറലി ചൂരി, പി ആർ സെക്രട്ടറി അബ്ദുൽ ഖാദിർ സഖാഫി മൊഗ്രാൽ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.മൂസ സഖാഫി കളത്തൂർ സ്വാഗതവും അബൂബക്കർ കാമിൽ സഖാഫി, നന്ദിയും പറഞ്ഞു.

സമൂഹത്തിലെ അനാഥകളും അഗതികളുമടക്കം ആയിരത്തി അഞ്ഞൂറോളം വരുന്ന വിദ്യാർത്ഥികളുടെ ജീവിത വിജ്ഞാന മേഖലയിലെ ചെലവ് സൗജന്യമായി ഏറ്റെടുത്ത് പ്രവർത്തിക്കുന്ന മുഹിമ്മാത്ത് ജീവകാരുണ്യ മേഖലയിൽ 28

വർഷം പിന്നിടുകയാണ്. ഇതിനു പുറമേ കൊച്ചിളം പ്രായത്തിൽതന്നെ പിതാവ് നഷ്ടപ്പെട്ട 300വോളം വരുന്ന പന്ത്രണ്ട് വയസ്സിന് താഴെയുള്ള അനാഥ കുഞ്ഞുങ്ങളുടെ ജീവിത ചെലവിലേക്ക് ഓരോ മാസവും നിശ്ചിത തുക വീട്ടിലെത്തിച്ച് നൽകുന്ന സംരംഭവും മുഹിമ്മാത്തിന് കീഴിൽപ്രവർത്തിച്ച് വരുന്നു

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4700
പവന്: 37600
CITY GOLD GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

കാർത്തിക പൂജ മഹോത്സവം തുടങ്ങി

പെർള: ബജകൂട്ലു ശ്രീ മഹാലിംഗേശ്വര ക്ഷേത്രത്തിൽ കാർത്തിക പൂജ 15ന് ആരംഭിച്ചു. അടുത്ത മാസം 14 വരെ നീണ്ടുനിൽക്കും. വൈകിട്ട് 6.30നാണ് ചടങ്ങ്.

ഗോവൻ മദ്യവുമായി യുവാവ് അറസ്റ്റിൽ

കാസർകോട്: 25 ലിറ്റർ ഗോവൻ നിർമ്മിത വിദേശമദ്യവുമായി യുവാവ് അറസ്റ്റിൽ. ബേള, മജീർപ്പള്ളക്കട്ടയിലെ ഹർഷരാജി(31)നെയാണ് എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് ഇൻസ്പെക്ടർ ജനാർദ്ദന നായികിന്റെ നേതൃത്വത്തിൽ അറസ്റ്റു ചെയ്തത്. 180 മില്ലി ലിറ്ററിന്റെ 144 കുപ്പി മദ്യം കണ്ടെടുത്തു. പ്രതിയെ രണ്ടാഴ്ചത്തേയ്ക്ക് റിമാന്റു ചെയ്തു.

ഡോ. ബി നാരായണ നായക്ക് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് സംസ്ഥാന വൈസ് പ്രസിഡന്റ്

ഡോ. ബി നാരായണ നായക്ക്

കാസർകോട് : ഗവ. ജനറൽ ആശുപത്രിയിലെ സീനിയർ ശിശുരോഗ കൺസട്ടന്റും ഐ എം എ പ്രസിഡന്റുമായ ഡോ. ബി നാരായണ നായക്ക് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തു. 1990 ൽ ശിശുരോഗ വിദഗ്ദ്ധനായി ഗവ. ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച ഡോക്ടർ 13 വർഷമായി കാസർകോട് ഗവ. ജനറൽ ആശുപത്രിയിലും ജില്ലാ ഗവ.ആശുപത്രിയിലും ശിശുരോഗ വിദഗ്ദ്ധനായി സേവനമനുഷ്ഠിക്കുന്നു. ഒട്ടേറെ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. ആരോഗ്യ മേഖലയിൽ നൂറിൽപരം ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ഫാക്കൽറ്റിയും കൂടിയാണ് അദ്ദേഹം. കാസർകോട് റോട്ടറി ക്ലബ്ബംഗവും കൂടിയായ ഡോക്ടർ ഏൽക്കാന ബളുഗുളി സ്വദേശിയാണ്. ഡോ. ജ്യോതിയാണ് ഭാര്യ. മക്കൾ: ഡോ. ജ്യോത്സ്ന, ഡോ. കാവ്യ.

കോവിഡ്:ജില്ല തുടർച്ചയായ അഞ്ചാം ദിവസവും രോഗവ്യാപനത്തിൽ ഏറ്റവും പിന്നിൽ

കാസർകോട്: കോവിഡ് രോഗ വ്യാപനം തുടർച്ചയായ അഞ്ചാം ദിവസവും ജില്ലയിൽ ഏറ്റവും കുറഞ്ഞ നിലയിൽ.

ഈ മാസം 11,13,15,17 18 എന്നീ ദിവസങ്ങളിലാണ് സംസ്ഥാനത്തു കോവിഡ് രോഗികളുടെ എണ്ണം സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ നിലയിൽ ജില്ല നിലനിറുത്തുന്നത്.സാധാരണ നിലയിൽ രോഗികളുടെ എണ്ണത്തിൽ കുറവു നിലനിറുത്തിയിരുന്ന വയനാടും ഇടുക്കിയും ഈ ദിവസങ്ങളിൽ രോഗ ബാധിതരുടെ എണ്ണത്തിൽ ജില്ലയെക്കാൾ ബഹുദൂരം മുന്നിലായിരുന്നു.

ജില്ലയിൽ കോവിഡ് രോഗവ്യാപനം നിയന്ത്രണവിധേയമായിട്ടുണ്ടെന്നും എന്നാൽ ഏറ്റവുമധികം ജാഗ്രത തുടരേണ്ടത് ഈ ഘട്ടത്തിലാണെന്നും ജില്ലാ കളക്ടർ, ഡി എം ഒ, ജില്ലാ പൊലീസ് ചീഫ് എന്നിവർ ആവർത്തിച്ച് ഓർമ്മിപ്പിച്ചു.

കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിത് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ–പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം.
വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

Vol -27, Issue No -224 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com